# കലാകേളി.

മിഥ്യകൾക്കൊക്കെയുമപ്പുറം നിൽക്കുന്ന
സത്യമേ, നിന്നെ ഞാൻ വിശ്വസിപ്പൂ !

ചങ്ങമ്പുഴ.

Digitized By Kerala Sahitya Akademi

# കലാകേളി.

(A Collection of Twenty Lyrics)

രചയിതാവ്:

ചങ്ങമ്പുഴ കൃഷ്ണപിള്ള,

(ഇടപ്പള്ളി.)

പ്രസാധകന്മാർ:—

പി. കെ. ബ്രദേർസ്,

കോഴിക്കോട്.

റോമൻ പ്രിൻറിങ്ങ് ബ്യൂറൊ, കോഴിക്കോട്.

1940

വില എട്ടണ.

Digitized By Kerala Sahitya Akademi

*First Impression*
*in March, 1940.*

ONE TOHUSAND COPIES.

Copyright Reserved
by the Author.

PRINTED AT THE NORMAN PRINTING BUREAU, CALICUT.

Digitized By Kerala Sahitya Akademi

TO

THE POET

# T. N. GOPINATHAN NAIR Esq.

This Work is Dedicated

With Every Sentiment of

Regard and Admiration,

By His Gratefully Obliged

And Sincere Friend,

COLLEGE OF ARTS,
TRIVANDRUM,
1-3-1940.

CHANGAMPUZHA.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# കലാകേളി

(ഇരുപതു സ്വച്ഛന്ദഗീതങ്ങൾ)

ചങ്ങമ്പുഴ

Traveller, to what extent this scene so pale
Thy pale self will reflect?
How sadly 'mid the lofty leaves would weep
Thy hopes that have been wreck't!!

—PAUL VERLAINE.

Digitized By Kerala Sahitya Akademi

# കവിതകൾ


1. മുരളി.
2. പ്രതീക്ഷയുടെ മുമ്പിൽ.
3. നിർവൃതി.
4. പാവങ്ങളുടെ പാട്ട്.
5. മനോരാജ്യത്തിൽ മുഴുകി.
6. ദിവ്യോപഹാരം.
7. രക്തദാനം.
8. തൊഴിലാളി.
9. മൂടുപടം മാറ്റൂ!
10. സൗഹാർദ്ദഗാനം.
11. ഒടുവിൽ.
12. സൗന്ദര്യപൂജ.
13. ദേവി.
14. എന്തിന്?
15. സഖികളോട്.
16. ആ രംഗം.
17. വിടവാങ്ങൽ
18. കണ്ണുനീർ.
19. ആനന്ദരംഗം.
20. ആശ്വാസഗാനം.


Digitized By Kerala Sahitya Akademi

# കലാകേളി.

## 1. മുരളി

ആയിര മായിരം കൊല്ലങ്ങൾക്കപ്പുറ–
ത്തായിരുന്നില്ലേ നിൻ സ്വപ്ന നൃത്തം?
ഇന്നു മീ മന്നിൻ മനസ്സിൽ പുളകങ്ങൾ
ചിന്നി നീ മേന്മേൽ സമുല്ലസിപ്പൂ!

എന്തെല്ലാ,മെന്തെല്ലാം മാററങ്ങൾ ക്കിന്നോളം
സിന്ധുവും ഗംഗയും സാക്ഷി നിന്നു?

എന്തെല്ലാം കാഴ്ചകൾ നേരിട്ടു കണ്ടില്ലീ
വിന്ധ്യനും തുംഗ ഹിമാലയവും?

അന്നന്നു കണ്ടവ കണ്ടതു പോലവ–
രന്നന്നു തന്നെ മറന്നിരുന്നു.

വിസ്മയ മാണോർത്താ, ലൊർത്തിട്ടില്ലെന്നാലും
വിസ്മൃതിക്കിന്നോളം നിന്നെ മായ്ക്കാൻ!
നേർത്ത നിൻ മൂടുപടവു മിട്ടങ്ങനെ
പേർത്തും നീ ചെയ്‌വൂ നിൻ ദേവനൃത്തം

ഇന്നും പ്രപഞ്ചം ചെവിക്കൊൾക യാണിതാ
നിന്നോമൽ പ്പൊൻ കാൽച്ചിലമ്പൊലികൾ!

കാണുന്നു മുന്നിൽ, നീ മേളിച്ചിരുന്നൊര–
ച്ചേണഞ്ചും വൃന്ദാവനത്തെ ഞങ്ങൾ!

അപ്രാപ്തരാണയേ വിസ്മരിക്കാൻ ഞങ്ങ–
ളപ്പൂത്തു നിൽക്കും നികുഞ്ജകങ്ങൾ.

Digitized By Kerala Sahitya Akademi

മഞ്ഞിൽ കുളിച്ചു കുളിരെഴും ഹേമന്ത
മഞ്ജുള ചന്ദ്രിക യുല്ലസിക്കെ;
അന്തളിർ വല്ലിക്കുടിലുകൾ തോറുമ-
ന്നെത്ര മോഹങ്ങൾ പറന്നു പാടി!
അക്കുളജനങ്ങളിൽ തിങ്ങിത്തുളുമ്പി,യൊ-
രുൽക്കടപ്രേമത്തിൻ യാതനകൾ!
ആയവയ്ക്കൊന്നെല്ലാ മാശ്വാസമേകിയ
മായിക യല്ലയോ മാദകേ നീ?

പ്രേമാലസാർദ്രയായ് രാധ മരുവിയ
കോമള നീല ശിലാ തലവും;
ചുററു, മടി മുടി മൊട്ടിട്ടു മൊട്ടിട്ടു
മുററും കുരുമൊഴി മുല്ലകളും;
ചാരിയാൽ ക്കോൾമയിർ ക്കൊള്ളാമെന്നാശിച്ചു
ചാരത്തു നിൽക്കുമപ്പൊൻ കടമ്പും
ആ നല്ല രാത്രിയെ വർണ്ണിച്ചു വർണ്ണിച്ചു
ഗാനം പൊഴിക്കുന്ന രാക്കുയിലും;
ആനന്ദ സ്വപ്നാങ്കുരങ്ങൾപോൽ മിന്നുന്നൊ-
രായിര മായിരം താരകളും;
ആലോല വീചികൾ പൂൽകുമാ യാമുനാ-
കൂലവു മെങ്ങനെ വിസ്മരിക്കും?

അന്നത്തെ നാടകം വർണ്ണിച്ചു പാടിക്കൊ-
ണ്ടിന്നും ലസിപ്പൂ നീ യപ്സരസ്സേ!

Digitized By Kerala Sahitya Akademi

എത്ര ശതാബ്ദങ്ങൾ വന്നിനിപ്പോകിലും
മർത്ത്യ സംസ്കാരത്തിൻ വിസ്തൃതിയിൽ
നിത്യതാരുണ്യ മിയന്നന്നും നിൻ ദേവ-
നൃത്തം തുടർന്നിടും മോഹനേ നീ!
കണ്ണന്റെ വേണുവിൻ കന്ദ്ര സന്താനമേ
പുണ്യസംഗീതമേ, വെൽകയേ നീ!!

## 2. പ്രതീക്ഷയുടെ മുൻപിൽ.

ഓമൽ പ്രതീക്ഷേ, മനസ്സു പുണ്ണാക്കുമെൻ
പ്രേമവ്യഥകളെ ചുംബിച്ചുറക്കി നീ.
ഏതേതു ഗന്ധർവ്വ പത്തനത്തിങ്കൽ നി-
ന്നേതാദൃശം പറന്നെ നാട്ടത്തെത്തി നീ?
നിത്യം തളിരിട്ടു നിൽക്കുന്നു നിൻ മുന്നി-
ലത്യുജ്ജ്വലങ്ങളാമായിര മാശകൾ.
പാവകജ്വാലകൾപോലും തണുപ്പിച്ചു
പൂവുപോലുള്ള നിന്നംഗുലിസ്പർശനം
സങ്കടാശ്രുക്കളെപ്പുഞ്ചിരിയാക്കുന്നു
സംഗീതമാക്കുന്നു നീ വിലാപങ്ങളെ!
എന്നും വെളിച്ചമല്ലാതെ, തീണ്ടുന്നില്ല
നിന്നെ,ത്തമസ്സിൻ നിഴൽപാടൊരിക്കലും!
നീയിരുൾക്കാട്ടിൽ വിടുർത്തുന്നു താരകൾ
നീറും വെയിലിൽ വിരിപ്പൂ തണലുകൾ.

Digitized By Kerala Sahitya Akademi

മൂടൽമഞ്ഞിങ്കൽ പുലരൊളിപാകി, നൽ
പാടലവർണ്ണപ്പകിട്ടു വീശുന്നു നീ.
ആലിംഗനം ചെയ്യുകാലിംഗനം ചെയ്യു-
കാലോചനാതീത കാമ്യ സ്വരൂപമേ!
നീ തരും മുന്തിരിച്ചാറിൽ മുഴുകി,യെൻ
ചേതന പാട്ടു പാടട്ടേ നിരന്തരം!
മാമക ഭാവി മുഴുവനും നിൻ മുൻപി-
ലോമൽ പ്രതീക്ഷേ, സമർപ്പണം ചെയ്‌വു ഞാൻ!

## 3. നിർവൃതി.

പ്രണയം തുളുമ്പു മീ മൌനഗാന-
മവിടുന്നറികയു യില്ല നൂനം
ഇവിടെ,യീ നാടകശാലയിങ്കൽ
വിവിധ നടന്മാർ നിറഞ്ഞു നിൽക്കേ;
അഭിനയ മോരോ ന്നവരഖില-
മഭിനന്ദനീയമാ യാചരിക്കെ;
അനുപമരംഗ വിധാന മോരോ-
ന്നനുഭൂതിയേകുമാ റുല്ലസിക്കെ;
വിവിധ പരാക്രമ വിക്രമങ്ങൾ
വിജയ പതാക പരത്തി നിൽക്കെ;
തെരുതെരെ ത്തീപ്പൊരി വാരി വീശി
ത്വരിത വാചാലത യുജ്ജ്വലിക്കെ;

Digitized By Kerala Sahitya Akademi

ഒരു കോണിൽ മാറി യൊഴിഞ്ഞൊതുങ്ങി
മരുവുമെൻ നിശ്ശബ്ദ ശോകഗാനം
പ്രണയ സ്വരൂപമേ, നിന്നരികി_
ലണയുന്ന തെങ്ങനെ നിൻ ചെവിയിൽ?

ഇത്രമട്ടാണെങ്കിലും, തപ്തമാ മെൻ
ഹൃദയത്തിലുണ്ടൊരു ചാരിതാർത്ഥ്യം.

മമ മൗന ഗാനങ്ങളാകമാനം
തവ ജയ സ്തോത്രങ്ങൾ മാത്രമല്ലോ!

മഹനീയ ജ്യോതിസ്സേ, നിന്നെ യോർത്തു
മതി മറന്നങ്ങനെ നിന്നിടുമ്പോൾ,

വികസിച്ചിടുന്നു ഞാൻ പൂക്കൾ തോറും
വിഹരിപ്പു കല്ലോലമാല തോറും !

മദകര നർത്തനം ചെയ്‌വു ഞാനാ_
മലരണി മഞ്ജുള വല്ലികളിൽ !

കനകതാരത്തിങ്കൽ നിന്നു ഞാനെൻ
കരളോടടുപ്പിച്ചു മൺ തരിയെ!

വിരവിൽ ഞാൻ പുൽകുന്നു കൈകൾ നീട്ടി
വിപുല പ്രപഞ്ചത്തെ യാകമാനം!

—മതി, മതി, ദേവ, കൃതാർത്ഥയാണീ
മഥിരോത്സവത്തിൻ ലഹരിയിൽ ഞാൻ!!...

Digitized By Kerala Sahitya Akademi

# 4. പാവങ്ങളുടെ പാട്ട്.

ദാരിദ്ര്യത്തിന്റെ നിലവിളികൾ
താരാപഥത്തോള മെത്തിയിട്ടും

നിർദ്ദയലോകമേ, നീ യിനിയും
മർദ്ദനം നിർത്തുവാനല്ല ഭാവം.

ഒട്ടിത്തളർന്ന വയററിൽ നിന്നും
പൊട്ടിത്തെറിക്കുന്ന തീപ്പൊരികൾ

അന്തരീക്ഷത്തിൽ പടൎന്നുയൎന്ന_
തെന്തയ്യോ കണ്ടില്ലേ നിങ്ങളാരും?

വിത്തേശരേ, നിങ്ങൾ കേൾപ്പതില്ലേ
വിപ്ലവത്തിന്റെ മണിമുഴക്കം?

ഇന്നോളം നിങ്ങൾ കവർന്നെടുത്ത
പൊന്നും പണങ്ങളു മാകമാനം

പാവങ്ങളെക്കൊന്നു നിങ്ങൾ നട്ട
പാപവൃക്ഷത്തിൻ ഫലങ്ങൾ മാത്രം!

ആ വിഷക്കായ്കൾ തിന്നു നിങ്ങൾ
ചാവാതെ ചത്ത ശവങ്ങളായി.

ധൂമകേതുക്കളേ, നിങ്ങളെല്ലാം
പോയ് മറഞ്ഞീടേണ്ട കാലമായി!

മുഗ്ദ്ധഹർമ്മ്യങ്ങളി ലെത്തിയേവം
മുട്ടിവിളിക്ക നീ വിപ്ലവമേ:_

Digitized By Kerala Sahitya Akademi

"ഉദ്ധത വിത്താധിപത്യമേ, നീ
ബദ്ധകവാടം തുറക്ക വേഗം!

പൊളള പ്രയത്നങ്ങ ളൊന്നിനൊന്നായ്
തളളി ക്കയറട്ടെ നിൻ മുറിയിൽ!

ആവശ്യത്തിൻെറ പിടിയിൽ നിന്നി-
ന്നാകാ നിനക്കൊന്നൊഴിഞ്ഞുമാറാൻ!

വേവലാതിപ്പെടാ നെന്തു കാര്യം?
വേഗമാകട്ടേ, തുറക്കവാതിൽ!!..."

നാണം മറയ്ക്കുവാൻ വസ്ത്രമില്ല
പ്രാണൻ കിടക്കുവാൻ ഭോജ്യമില്ല.

വീടില്ല ചെന്നു ചുരുണ്ടു കൂടാൻ
പാടില്ല പാതയിൽ സഞ്ചരിക്കാൻ!

എന്തൊരന്യായ, മിതെന്തു കഷ്ട-
മെന്തി നിജ്ജീവിത മിപ്രകാരം?

മർത്ത്യതയിങ്കലീ വ്യർത്ഥമാകും
വ്യത്യസ്തഭാവങ്ങളാരു ചേർത്തു?

സ്വാതന്ത്ര്യത്തിൻെറ ചുടുചിതയിൽ
ജാതി പ്പിശാചിൻ മൃതശരീരം

രാഗാർദ്ര ചിത്തരേ, സോദരരേ,
വേഗം നശിപ്പിക്കിൻ, വൈകിനേരം!

നിമ്മതത്തിൻെറ മടിത്തടത്തിൽ
നിർവൃതി നേടി നമുക്കിരിക്കാം!

Digitized By Kerala Sahitya Akademi

അങ്ങതാ കാൺമൂ മനോജ്ഞമാകും
മംഗളശാന്തി തൻ മന്ദഹാസം
വിപ്ലവത്തോണിയിലേറി നമ്മൾ–
ക്കപ്പുഷ്പവാടിയിൽ ചെന്നുപററാം.

കമ്ര സമത്വ സരോവരത്തിൽ
നമ്മൾക്കു നീന്തിക്കളിച്ചു വാഴാം.
ആനന്ദത്തിൻെറ മുരളിയുമാ–
യാനന്ദനത്തിൽ സമുല്ലസിക്കാം!
ഒന്നിച്ചു കൈകോർത്തു ധീരധീരം
മുന്നോട്ടു പോകനാം, സോദരരേ!!...

## 5. മനോരാജ്യത്തിൽ മുഴുകി.

സുഭഗതയാൽ ചുററും–
നിലാവു വീശി–
സ്സുരസുഷമേ, നീയിങ്ങു
നിൽപതെന്തേ?

പലവഴിയായോമൽ
സതീർത്ഥ്യകളാം
പ്രിയ സഖിമാരെല്ലാം
പിരിഞ്ഞുപോയി.

അരിയ കലാശാലാ–
കവാടകങ്ങൾ

Digitized By Kerala Sahitya Akademi

വിരവോട ടച്ചെല്ലാതും
പിൻമടങ്ങി.

ഇതുവരെയും ജീവിത—
സ്പന്ദനങ്ങ—
ളിളകി യലയാർന്നൊരീ—
യന്തരീക്ഷം;

മരണമയതുല്യ,
മസുഖദമാ—
മൊരു ശിശിര ശാന്തത
കൊണ്ടു മൂടി.

വിജനതയി, ലെന്നിട്ടു,—
മേകയായ് നീ—
വിരഹിണിയെ പ്പോലേവം
നിൽപതെന്തേ?

അയി, മധുരദർശനേ,
നിൻ മനസ്സാ—
മലരിൽ, നവസൗരഭം
വീശി വീശി;

അനിമിഷം നിന്നെ—
യധീരയാക്കു—
മനഘ സുഖ ചിന്തയേ—
തായിരിക്കാം?

Digitized By Kerala Sahitya Akademi

കൗതുകദമാ മേതിന്റെ
വശ്യതയ്ക്കോ
കുസുമസമ കോമളേ,
പാത്രമായ് നീ?

തവ ഹൃദയമിപ്പോഴും
പറന്നു പാടും
കവനമയ സാമ്രാജ്യ–
മേതു നാകം?

സുരഭിലമാ മേതോ
കിനാവുപോലെ
തരുണത നിൻ ജീവിതം
പുൽകി നിൽക്കെ;

ഒരു മുരളീ ഗാനമായ്
നിൻ ഹൃദയ–
മൊഴുകിടുവ തേതു
വൃന്ദാവനമോ?......

Digitized By Kerala Sahitya Akademi

# 6. ദിവ്യാപഹാരം.

ചേലിൽ നീയേകിയ ചെമ്പനീർപ്പൂവിന്റെ
ലോല ദളങ്ങളുടർന്നു പോയി!
ഉണ്ടിതിൻ വാടിയ ഞെട്ടിലൊരഞ്ചാറു
കണ്ടകം മാത്രമി,ന്നെന്തു ചെയ്യാം?
എന്നാലും, ഹാ, ഞാൻ വലിച്ചെറിയില്ലിതു
നിന്നനുരാഗോപഹാരമല്ലേ!

എത്ര വടുക്കളിയററിയിതെൻ ജീവ–
രക്തം മുഴുവനൊഴുക്കിയാലും,
ആത്താനുമോദമെൻ മാനസത്തോടിതു
ചേർത്തു പിടിക്കും ഞാനെന്നുമെന്നും!
എന്മനം നൊന്തുനൊന്തങ്ങനെ ഞാനെന്റെ
കണ്ണീരിൽ മുങ്ങി മരിക്കുവോളം;
സ്വർഗ്ഗീയമാമിതു കൈവെടിയാതെ,യി–
സ്വപ്നാടനം ഞാൻ കഴിച്ചുകൂട്ടും!
–മിത്ഥ്യകൾക്കൊക്കെയുമപ്പുറം നിൽക്കുന്ന
സത്യമേ, നിന്നെ ഞാൻ വിശ്വസിപ്പൂ!

Digitized By Kerala Sahitya Akademi

# 7. രക്തദാഹം.

എന്നസ്ഥിയോരോന്നൊടി–
ച്ചെടുത്തു, മുന്നോ,ട്ടെന്റെ
കണ്ഠത്തോടം തുഴഞ്ഞു, ഞാൻ
പോകിലും, പ്രപഞ്ചമേ,

ഒന്നു തീർച്ചയാ,ണിര–
ക്കില്ല നിന്നനുകമ്പ:
ചെന്നു ചേർന്നോളാമതു
കൂടാതെൻ സങ്കേതത്തിൽ!

പാവനമെൻ ഹൃദ്രക്തം
കുടിച്ചു തടിച്ചിട്ടോ
ഭാവിച്ചു സഹതാപ–
മെന്നിൽ നീ, ഭയാനകേ!

അന്ത്യ നിശ്വാസത്തിലും–
കൂടി, ഞാൻ മറക്കു കി–
ല്ലന്ധമാകുമീ നിന്റെ
രക്തദാഹം ഞാൻ,ദുഷ്ടേ!!...

Digitized By Kerala Sahitya Akademi

# 8. തൊഴിലാളി.

തൊഴിലിൻ മണിക്ഷേത്ര മണ്ഡപത്തിൽ
തൊഴുകയ്യിൽ താമരമൊട്ടുമേന്തി
നിരുപമോൽക്കർഷങ്ങൾ കൊണ്ടുനിത്യം
നിറപറവെച്ചു നീ ലാലസിപ്പൂ!

വിവിധ പ്രയത്നങ്ങൾ കൺ കവന്നു
വികസിച്ചു നിൽക്കുന്നു നിൻെറ മുൻപിൽ
വിഭവ സമൃദ്ധമാം ജീവിതത്തിൽ
വിളവെടുപ്പിന്നു നീ വിത്തുപാകി!

തവമൃദുലാംഗുലി സ്പർശനത്തിൽ
തളിർ വിടുന്നാടി യുത്തേജനങ്ങൾ

അവയുടെ പച്ചത്തണലുകളി_
ലവശ വിലാപങ്ങൾ വീണുറങ്ങി

അവ ചുററും വീശിയ സൗരഭത്തി_
ലവകാശവാദം മിഴിതുറന്നു.

ഉണർവിൻെറ ചിഹ്നമേ, നിൻെറ മുൻപിൽ
പ്രണമിച്ചിടാത്ത താരീയുലകിൽ?

സതതം നിൻനെററിത്തടത്തിൽനിന്നു_
മുതിരു മസ്വേദ കണികകളിൽ
നിഴലിച്ചുകാൺമു നാളത്തെ ലോകം
നിവസിച്ചിടേണ്ടൊ രാദർശലോകം!

Digitized By Kerala Sahitya Akademi

ഉഴറിടേ'ണ്ടിന്നേ' നിന്നാശകളു–
മഴകേലും സ്വപ്ന പ്രതീക്ഷകളും

വരിവത്തനത്തിന്റെ 'നാളെ'യെത്തി–
പ്പരമാത്ഥതകളായ് തീൎന്നുകൊള്ളും!

ഒരു കൊടുങ്കാററാഞ്ഞടിച്ചു പോയാൽ
തരിമണൽക്കോട്ടകൾ വീണടിയും.

പരമപ്രതാപം നടിച്ചു നില്ക്കും
കരിയിലയൊക്കെ ക്കൊഴിഞ്ഞു വീഴും!

സ്ഥിതിഗതി സൂക്ഷ്മമായുററുനോക്കാ–
തിതുവരെ നിന്നു നീ മൂടൽമഞ്ഞിൽ

അഭിനവോത്ഥാനത്തിൻ പൊൻപ്രഭയി–
ലഭിനയരംഗം തെളിഞ്ഞിതിപ്പോൾ!

കവിത തൻ ചില്ലിൽ തെളിഞ്ഞുകാണും
കമനീയ ലോകമല്ലീയുലകം.

കലഹസങ്കേത മിതിലിറങ്ങാൻ
കവചം ശരിക്കണിഞ്ഞിട്ടുവേണം!

തവ തീവ്രയത്ന സുദശ്നത്തിൻ
തരളദ്യുതി തൻ നവോദയത്തിൽ

ക്ഷിതിയിലാലസ്യ തിമിരമൊട്ട–
ക്കതിവേഗ മോടി യൊളിച്ചിടട്ടേ!

ഉണർവിന്റെ ചിഹ്നമേ, മേൽക്കുമേൽ നിൻ
മണിനാദം മാറെറാലി ക്കൊണ്ടിടട്ടേ!

നവനവോൽക്കഷങ്ങൾ നിൻ വഴിയിൽ
നളിനദളങ്ങൾ വിരിച്ചിടട്ടേ!!

Digitized By Kerala Sahitya Akademi

## 9. മൂടുപടം മാററൂ!

നേരിൻനിറകതിർ വീശി—നിൽപോ-
ളാരുനീ, യാരുനീ ദേവി?
വിസ്മയനീയമാം മട്ടിൽ—നീയീ
വിശ്വവിപഞ്ചിക മീട്ടി,
മുഗ്ദ്ധകയാണെന്നെയേതോ—ദിവ്യ
സ്വർഗ്ഗീയഗാനസരിത്തിൽ!

വാരുററത്തങ്ക പ്രഭയിൽ—മുങ്ങും
വാരുണാകാശച്ചെരുവിൽ,
നീളെ യിളകി ക്കളിപ്പൂ—നിന്റെ
നീരാള വസ്ത്ര ഞെറികൾ!

പൂക്കൾ വിടുത്തിത്തരുന്നൂ—നിന്റെ
സാത്വിക സ്നേഹ സുഗന്ധം!

ഹാ, കാൺമൂ മാമലതോറും—ഞാൻ നി-
ന്നേകാഗ്രശാന്തമാം ധ്യാനം!
മേൽക്കുമേൽ താരാമണികൾ—തോറും
കേൾപ്പൂ നിൻ നിശ്ശബ്ദ ഗാനം!
വീർപ്പിടും തൈക്കുളുർ കാററിൽ—ക്കൂടി-
യേൽപ്പൂ ഞാൻ നിൻമൃദു സ്പർശം!
എപ്പോഴു മെന്നോടുകൂടി—ത്തന്നെ-
യിത്രനാൾ നീയിരുന്നിട്ടും;

Digitized By Kerala Sahitya Akademi

കഷ്ടം,മെന്നജ്ഞതെ മൂലം—ഹാ, നീ
മിത്ഥ്യയാണെന്നു ഞാനോർത്തു!
ഇമ്മറ നീങ്ങി ഞാൻ നേരേ—നിന്നെ–
ച്ചുംബിച്ചിനി നിൽപതെന്നോ!
വാടാവെളിച്ചമേ, നിൻെറ—നേർത്ത
മൂടുപടമൊന്നു മാററൂ!!......

## 10. സൌഹാർദ്ദഗാനം.

സൗഹൃദത്തിൻെറ സൗരഭത്തിനാൽ
സൌരഭഗാർദ്രമാണിദ്ദിനം!—
കമ്മശുദ്ധിതൻ കമ്രകാന്തിയാൽ
നന്മ പൂണ്ടതാണിദ്ദിനം!—
ഭാവശാന്തതയാ ലടിമുടി
പൂവണിഞ്ഞതാ ണിദ്ദിനം!—
പ്രാണ ഹർഷങ്ങൾ വാരി വീശുന്ന
വേണുഗാനമാ ണിദ്ദിനം!—
ഒത്തുചേന്നിന്നു വാഴ്ത്തുക നമ്മ–
ളിദ്ദിനത്തെ,സ്സഹജരേ!

ഇന്നതൊ ട്ടിനിയില്ല നമ്മളിൽ
ഭിന്നവർഗ്ഗീയ ചിന്തകൾ!
ഇല്ല ജാതി മതാദിഭേദങ്ങ–
ളില്ലനാചാര നിഷ്ഠകൾ!

Digitized By Kerala Sahitya Akademi

അന്തമില്ലാത്ത കർമ്മരാശിയും
ചിന്തകളും, മൊഴികളും
സർവ്വവു, മൈക്യ സൗഹൃദോജ്ജ്വലം
സവ്വ് മാദർശ കോമളം!
സേവനം, ദീനസേവനം, നമ്മൾ
മേവും ശാന്തിനികേതനം!
മോഹനോൽക്കർഷദീപ്രം മിന്നിപ്പൂ
സ്നേഹധാര പകർന്നു നാം!
ഞങ്ങളോടൊത്തു വന്നു ചേരുവിൻ
നിങ്ങളോമൽ സഹജരേ!

വിശ്വഗേഹത്തിൽ പൂത്തുനിൽക്കുന്ന
വിശ്വാസത്തിൻ തണൽച്ചോട്ടിൽ
തോഴരേ, നിങ്ങൾ പോരുവി, നെന്നും
തോളുരുമ്മിയിരിക്കുവാൻ!
ഇസ്സുദിന മഹോത്സവങ്ങളിൽ
സസ്പൃഹം പങ്കുകൊള്ളുവാൻ
ഞങ്ങളോടൊത്തു വന്നു ചേരുവിൻ
നിങ്ങളോമൽ സഖാക്കളെ!!......

Digitized By Kerala Sahitya Akademi

# 11. ഒടുവിൽ.

വിരസത കലരുമിപ്പരിഭവം മൂലം
വെറുതെ നീ യെന്തിന്നെൻ പരിസരം മൂടി?

തുടുതുടെ കൗതുകങ്ങൾ തളിരിട്ടിന്നോള–
മിട വിടാതതിലെത്ര കതിരുതിർന്നാടി?

ഇനിയില്ല, തുണിയില്ലക്കമനീയകാലം
കനകപ്പൂഞ്ചിറകടിച്ചരികിൽ വന്നെത്താൻ!

മണിയോടക്കുഴലൂതിക്കരപ്പുടം കോർത്താ–
പ്രണയപ്പൂവനികയിൽ വിഹരിച്ച നമ്മൾ–

ഉടൽ രണ്ടായ് പിരികിലും ഹൃദയമൊന്നായി–
ട്ടിടരില്ലാതിതുവരെ മരുവിയ നമ്മൾ–

അവിരള സുഖമയ സുരഭിലസങ്ഗ–
മവനിയിലണച്ചമർന്നരുളിയ നമ്മൾ–

ഒടുവിലീ മിഴിനീരും നെടുവീർപ്പുമായി–
ട്ടിടയായതിതുവിധം പിരിയാനോ, തോഴി?...

Digitized By Kerala Sahitya Akademi

## 12. സൌന്ദര്യപൂജ.

നിയതിക്കധീനൻ ഞാൻ
  നിസ്സാരനാകാം, പക്ഷേ
നിയതം സൌന്ദര്യമേ,
  നിന്നെ ഞാനാരാധിപ്പൂ!

അത്രമേൽ പരിചിത-
  മാണു നിൻ പാദന്യാസ-
മത്തലാൽ മുറിപ്പെട്ടൊ-
  രെന്നാത്മാവിനു പോലും!

അതു കേൾക്കുമ്പോൾ ശിര-
  സ്സയർത്താതിരുന്നിട്ടി-
ല്ലിതു നാൾവരെ, നിന്റെ
  പാദസേവകൻ, ദേവി!

ഹൃദയം രക്തം വാർത്തു
  പിടയ്ക്കുമ്പോഴും, നിന്റെ
മൃദുശിഞ്ജിതം കേൾക്കെ-
  ക്കോൾമയിർ കൊള്ളുന്നു ഞാൻ!

നീരസം കൊണ്ടാവില്ല,
  ലജ്ജകൊണ്ടാകാം, പക്ഷേ
നീ മൂടുപടമിട്ടേ
  വന്നിടാറുള്ളു മുന്നിൽ:

Digitized By Kerala Sahitya Akademi

എങ്കിലു, മത്തേജസ്സി–
ലലിയാൻ തുടങ്ങുമ്പോ–
ളെൻ കര, ളെന്നെത്തന്നെ
വിസ്മരിക്കുന്നല്ലോ, ഞാൻ!!

കണ്ണിണ വിടുർന്നതൊ–
ട്ടിന്നോളം പ്രപഞ്ചത്തിൽ
നിൻ മഹൽ സാന്നിദ്ധ്യം, ഞാൻ
കാണാതില്ലൊരിക്കലും!

എവിടെ ത്തിരിഞ്ഞാലും
കൺ കുളുർക്കുമാറട–
നവിടെ ക്കാണാം നിൻെറ
പാദമുദ്രകൾ നീളെ.

അവയിൽ തുളുമ്പുന്ന
രശ്മികൾ തട്ടും നേരം
കവിതാ കൗതുഹലം
ചിറകു വിരിക്കുന്നു!

പനിനീർപ്പൂമൊട്ടിനെ–
പ്പുൽകി നീ യുണർത്തുമ്പോൾ
പകലിൻ കവിൾ ക്കുമ്പിൽ
കാശ്മീരം പരക്കുന്നു!

കുയിലിൻ ഗളത്താൽ നീ
പാട്ടു പാടുമ്പോൾ ത്തന്നെ–
കുളിർവല്ലരികളിൽ
ചെയ്യതായ് കാണാം നൃത്തം!

Digitized By Kerala Sahitya Akademi

പുൽക്കൊടി കിളുർക്കാത്ത
 മൊട്ടക്കുന്നായിപ്പൊങ്ങി–
നിൽക്കുന്ന നിന്നെത്തന്നെ–
 പുഷ്പവാടിയായ് കാണാം

കല്ലോലങ്ങളെ ച്ചന്ദ്ര–
 ലേഖയായുണർത്തും നീ
കല്ലോലങ്ങളായ് ചന്ദ്ര–
 ലേഖയെ പ്പുണരും നീ!

പ്രേമയാതനയാൽ നീ–
 യുഴറിപ്പായും നേരം
പ്രേമരൂപമായ്ത്തന്നെ
 നിശ്ചലം നിൽക്കുന്നു നീ!

ആദിമദ്ധ്യാന്തം തിട്ട–
 പ്പെടുത്താൻ നീ നിൽക്കുമ്പോ–
ളാദിമദ്ധ്യാന്ത മററു
 നിൽപ്പു നീ ചിത്തേജസ്സേ!

എങ്ങിനി ത്തിരയുവാൻ?–
 വിൺ വെളിച്ചമേ, നിത്യ–
മെന്നിൽ ഞാനെന്നെത്തന്നെ
 നീയായിട്ടുപാസിപ്പൂ!!

Digitized By Kerala Sahitya Akademi

# 13 ദേവി.

കൺമണി, നാണം കുണുങ്ങിവന്നെത്തി,യ—
ക്കന്നിമാസക്കളിപ്പൂഞ്ചോല പോലെ, നീ!
സ്വച്ഛന്ദ സംഗീതസാന്ദ്ര മാക്കിത്തീർത്തു
പച്ച പുതപ്പിച്ചു നീ മന്മനസ്സിനെ!
ശീതളമായി നിൻ സാഹചര്യത്തിനാ—
ലാതപോൽത്തപ്ത മെന്നേകാന്ത ജീവിതം.
നിർമ്മലേ, മാമക പ്രേമ പ്രതീക്ഷകൾ
നിന്നാഗമത്താൽ നിറം പിടിപ്പിച്ചു നീ.
എൻ നവയൗവനം വീണ വായിച്ചു നിൻ
മന്ദസ്മിതം ചോർന്ന ചിന്താലഹരിയിൽ
ഭഗ്നാശയോരോന്നഴിഞ്ഞു പോയി, സ്വയം
നഗ്നമായ് തീരും പ്രസന്നത മാതിരി,
കണ്ടു, ഹാ, നിന്നെ ഞാ,നേതോ കിനാവിന്റെ
ചെണ്ടു വിടർന്നു വരുന്നതു മാതിരി!—
മഞ്ഞണിക്കുന്നിന്റെ പിന്നി, ലപ്പാതിരാ—
ച്ചന്ദ്രൻ പതുക്കെക്കിളരുന്ന മാതിരി!

വിസ്മയം തോന്നുമാറെൻ വീക്ഷണത്തിനീ
വിശ്വം മുഴുവൻ പുതുമ പുരട്ടി നീ!—
വിസ്മയം തോന്നുമാറെൻ കൗതുകത്തിനീ
വിശ്വം മുഴുവൻ കവിത കൊളുത്തി നീ!—

Digitized By Kerala Sahitya Akademi

ആത്മാർത്ഥത തൻ തെളിത്തേൻ തുളുമ്പി, നി–
ന്നാർദ്രഹൃദയം വികസിച്ചു നിൽക്കവെ;
ആരോർത്തിരുന്നു, ജഗത്തിൽ, നിനക്കതെ–
ന്നാരാധനയ്ക്കുള്ളതാകുമെ, ന്നോമലേ?

വിദ്യുല്ലതപോലെ, മുന്നിൽ, പൊടുന്നനെ–
പ്രത്യക്ഷയായി നീ യാനന്ദ ദേവതേ!
ചെമ്പനീർപ്പൂവൊളി വീശിവീശി സ്വയം
വെമ്പിവന്നെത്തുമി ഗ്രീഷ്മാന്ത സന്ധ്യയിൽ;
നിർന്നിമേഷാക്ഷിയായ്‌നിൽപൂ പടിഞ്ഞാറു
നിന്നെ നോക്കിക്കൊ ണ്ടോരേകാന്ത താരകി
നീളെ നിന്നെ ത്തിരഞ്ഞെത്തുന്ന ചാരെ, നിൻ
നീലാളകങ്ങൾ തലോടുവാൻ മാരുതൻ!
മാടിവിളിക്കുന്നു, പച്ചിലച്ചാർത്തിനാൽ
മൂടുപടമിട്ട വല്ലിക്കുടിലുകൾ;
നിൻ മധുരസ്മിതം പോലുള്ള പൂക്കളാൽ
നിന്നെസ്സകൗതുകം സൽക്കരിച്ചീടുവാൻ!
നിൻ പദന്യാസം നുകർന്നുയർന്നേൽക്കുന്നു
വെമ്പലോടോമൽ തൃണങ്ങൾ നിൻ ചുറ്റുമായ്!
ഇന്നിപ്രകൃതിയിലെന്തിനു, മാനന്ദ–
സന്ദായിനിയാണു നീ, മനോമോഹിനി!
എന്തിൻ മനസ്സും വിശുദ്ധീകരിക്കുന്നൊ–
രെന്തോ മുഖത്തു വഹിപ്പവളാണു നീ!

Digitized By Kerala Sahitya Akademi

മാദകാലാപമ, ല്ലേതോ മഹായജ്ഞ—
പൂത മണിനാദമാണു നിന്നാനനം!
കണ്ണുഞ്ചിടുമൊരു ലീലാസരസ്സല്ല
പുണ്യ ഗംഗാതീർത്ഥമാണു നിൻസൗഭഗം!
ഭോഗാനുഭൂതിയിലേയ്ക്കു, ല്ലനുപമ—
ത്ത്യാഗത്തിലേയ്ക്കുടപ്പിപ്പു നിൻ സുസ്മിതം!

ഓമനേ, വേണ്ട വിജയ, മെനിക്കു നിൻ
പ്രേമസാമ്രാജ്യത്തിൽ വന്നു നിന്നാൽ മതി.
ലോകോത്തരമാ മതിൽ നിന്നെഴുമേതു
ശോകവുമെന്നും സഹിച്ചുകൊള്ളാ മിവൻ!
ലോകം മുഴുവനപഹസിച്ചോട്ടെ, നിൻ
രാഗം കൊതിച്ചുള്ളൊരെൻ തപശ്ചര്യയിൽ;
എങ്കിലും—നിത്യനിരാശയ്ക്കു മാത്രമാ—
ണെങ്കിലും—സംതൃപ്തനാണു ഞാനോമലേ!!

Digitized By Kerala Sahitya Akademi

# 14. എന്തിന് ?

കനകമയി, കവിതയുടെ
    കൊച്ചനുജത്തി പോൽ
കരൾ കവരുമാ, റെന്തി–
    നെന്നോടടുത്തു നീ?

സതതമയി മമ ഹൃദയ
    മലിന ചഷകത്തി, ലി–
സ്സായൂജ്യ പീയുഷമെന്തി–
    നൊഴുക്കി നീ?

മറവിയുടെ മലർ വനിയി–
    ലെന്തു കൊണ്ടേകയായ്
മായികപോലെ മറ
    ഞ്ഞൊഴിഞ്ഞില്ല നീ?

സ്മരണയുടെ പരിമൃദുല
    യവനികകൾ നീക്കി,യെൻ
ഭാരിത പ്രാണനെ–
    ത്താങ്ങിസ്സകൗതുകം;

അനവരത മൊരു പുതിയ
    പുളകശയനീയത്തി–
ലാലിംഗനം ചെയ്തിട–
    ന്നതെന്തിന്നു നീ?

Digitized By Kerala Sahitya Akademi

യുഗശതകമീ വിധം
  തീരാവിരഹമാം
വികല വിപിനാനലൻ
  നീറിനീറി സ്വയം;

അതിൻടെ യഗാധമാം
  ജഠര കുഹരത്തിലെ-
ന്നതി ചപല മോഹങ്ങ-
  ളൊക്കയും ചാമ്പലായ്;

ഒരു ഫലവു മില്ലാതടി-
  യുവാൻ മാത്രമോ
ചിരസുദൃഢ ബന്ധത്തി-
  ലൊന്നിച്ചു ചേർന്നു നാം?

നിരവധിക തേജഃസ്ഫുലിം-
  ഗങ്ങൾ ശൂന്യമാം
സുരപഥ ഹൃദത്തിലേതോ
  ചരടിനാൽ;

സ്വയ മിടറി വീണിടാതൊന്നി-
  ച്ചിണക്കിവെ-
ച്ചുയലാടിക്കുന്ന തേതിൻ
  വിനോദമോ;

അതിനിതുമൊ രാനന്ദ-
  ലീലയാണെങ്കിലാ-
ട്ടയി, സുദതി, യാശ്വസിക്കാ-
  തിരിക്കില്ല ഞാൻ!!

Digitized By Kerala Sahitya Akademi

# 15. സഖികളോട്

ചെല്ല സ്സഖികളേ, ശങ്കിപ്പതെന്തിനാ—
ണില്ല, മറക്കില്ല നിങ്ങളെ ഞാൻ.
നിസ്തുല സൗഹൃദം കൊണ്ടൊരു നിർമ്മല—
സ്വർഗ്ഗം ചമച്ചവരല്ലി നിങ്ങൾ?
മാമക ജീവിതപ്പാഴ് മരുഭൂമിയിൽ
മാരി ചൊരിഞ്ഞവരല്ലി നിങ്ങൾ?
മൊട്ടിട്ടു നിൽക്കുമാ റെന്നാശാ വല്ലികൾ
നട്ടു നനച്ചവരല്ലി നിങ്ങൾ?
എങ്ങെങ്ങു വേർപെട്ടുപോകിലും, ഞാനിനി—
യെങ്ങനെ നിങ്ങളെ വിസ്മരിക്കും?

തെററിദ്ധരിക്കാതിരിക്കുവാൻ മേലാത്ത
നിഷ്ഠുര ലോകത്തിൻ ജൽപനങ്ങൾ
മിത്ഥ്യാപവാദത്താൽ നമ്മുടെ സൗഹൃദം
മറെറാന്നായ് മാററുവാൻ നോക്കിയിട്ടും;
പൊട്ടിത്തകന്നില്ല നമ്മുടെ മോഹങ്ങൾ
കെട്ടിപ്പടുത്ത സുരമ്യ ഹർമ്മ്യം!
നാനാ വികാര തരളിതർ നാമതിൽ
നാകാനുഭൂതികൾ സംഭരിച്ചു.
കുററപ്പെടുത്തിടുംതോറും, നാം മേൽക്കുമേ—
ലൊട്ടി പ്പിടിക്കുവാ നാഗ്രഹിച്ചു.

Digitized By Kerala Sahitya Akademi

ജൽപക ലോകത്തെ പ്പുല്ലാക്കി നാമൊരു
കൽപകപ്പൂന്തോപ്പി ലുല്ലസിച്ചു.
പ്രാണനും പ്രാണനും തങ്ങളിൽ കൈകോർത്തൊ–
രാനന്ദ നൃത്തത്തിൽ പങ്കെടുത്തു.

അത്രയ്ക്കു മാത്രമടുത്തവരാണു നാ–
മത്രമേലന്യോന്യ ബന്ധിതർ നാം
അങ്ങനെയുള്ളതാം നിങ്ങളെ, ലോകത്തി–
ലെങ്ങനെ ഞാനിനി വിസ്മരിക്കും?

ഓമൽസഖികളേ, നിങ്ങളീ വേർപാടിൽ
ധീമങ്ങി യിങ്ങനെ കേഴരുതേ!
ഉൾക്കരുത്തില്ലെനിക്കൽപവും, തപ്തമാ–
മിക്കണ്ണുനീരിദം കണ്ടു നിൽക്കാൻ!
ശങ്കവേ, ണ്ടെങ്ങു ഞാൻ പോകിലും, നിങ്ങളേ–
സ്സങ്കൽപംകൊണ്ടു കണ്ടാശ്വസിക്കും.
എങ്ങിരുന്നാലും ഞാ,നെന്മന മെപ്പോഴും
നിങ്ങൾ തൻ പാർശ്വത്തിലായിരിക്കും.

ഓമൽസ്മരണകളോരോന്നു മെന്നടു–
ത്തോടി വന്നിക്കിളിയാക്കുമെന്നെ.
മന്നിലെൻ ജീവിത മമ്മട്ടു ചെന്നൊരു
മഞ്ജുള സ്വപ്നമായ് മാഞ്ഞുപോകും!
ഉണ്ടാവുകില്ലതിലെങ്ങു മതൃപ്തി തൻ
കൊണ്ടലിയറവന്ന മൂടലൊന്നും.

Digitized By Kerala Sahitya Akademi

എല്ലാം ചിരിയും കളിയുമുല്ലാസവും
എല്ല പ്രകാശവു മായിരിക്കും.
ചെല്ലസ്സഖികളേ, ശങ്കവേണ്ടൽപവു–
മില്ല, മറക്കില്ല, നിങ്ങളെ ഞാൻ!!......

## 16. ആ രംഗം.

കനകതാരകൾ–
കതിർ ചൊരിഞ്ഞൊര–
ക്കളിമലരിണക്കാവിൽ;
കവന ലോലുപ–
രിരുവർ ഞങ്ങളൊ–
രതുലനാടകമാടി!

ഇണ യിണങ്ങുമാ–
റകലെരാക്കുയി–
ലൊരു കിളി മരക്കൊമ്പിൽ;
പ്രണയ ഗാനങ്ങൾ
പലതു മങ്ങനെ
കളലളിതമായ് പാടി!

ചേണിയലും നീല നിഴൽ
നീളെ നീളെത്തിങ്ങി–
പ്പൂനിലാവലകളിലാ–
പ്പൂവനിക മുങ്ങി!

Digitized By Kerala Sahitya Akademi

തരളിത നവ–
സുരഭില വന–
പവനനിലുലഞ്ഞാടി–
ത്തരു നിരകളെ–
ത്തഴുകി വല്ലികൾ
പുളകപ്പൂങ്കുല ചൂടി!

പറവതെന്തു ഞാൻ
സഖികളേ, പരം
പരിധിയററതാമേതോ
പരമനിർവൃതി–
പ്പുഴയിൽ ഞങ്ങള–
ന്നൊഴുകിയങ്ങനെ പോയി!

ഭരിത മോദമെൻ
മടിയിൽ ഞാനൊരു
ചെറു വിപഞ്ചികയേന്തി–
ത്തെരുതെരെയതിൻ
കനക തന്ത്രികൾ
മധു മധുരമായ് മീട്ടി!

സുഖദമായൊര–
സ്വര ലഹരിയിൽ
മുഴുകിയെൻ മടിത്തട്ടിൽ
സുമശരോപമ–

Digitized By Kerala Sahitya Akademi

സുഭഗസ്വനങ്ങളെ
കിടന്നു സുസ്മിതം തൂകി!

എത്രയാകിലല്ലൊരിക്കലുമാ
മുത്തണിഞ്ഞോരാ കാലം
വ്യർത്ഥമാണിക്കാൺമതെല്ലാം
പാഴ്ക്കിനാവിൻ ജാലം!

## 17. വിടവാങ്ങൽ.

ഒരു ദിനം, മല്ലോ, പിരിഞ്ഞുപോണ–
മൊരുജീവനായ്ത്തീർന്ന നമ്മൾപോലും!
കരയുന്നതെന്തിനു തോഴി, നമ്മൾ?
കരുണയില്ലീ നിയതിക്കു ചെറ്റും.
വിധിപോൽ വരട്ടെ, നീ യാശ്വസിക്കൂ
വിഫല പ്രതീക്ഷകൾ വിസ്മരിക്കൂ!

ഉലകല്ലേ, നാമെല്ലാം മർത്ത്യരല്ലേ?
ചലനത്തിനെന്തു മധീന മല്ലേ?
വ്യതിയാന മോരോന്നു ജീവിതത്തിൻ
പതിവാണ തെമ്മട്ടും വന്നുകൂട്ടും.
അതിൽ നമ്മൾ കുററപ്പെടുത്തുവാനി–
ല്ലുണ്ടുപോലു മാരെയു മോമലാളേ!
കരളിൽ തരി തരിപ്പേററിടായ്‌വാ–
നൊരുപാറക്കല്ലല്ല നമ്മളാരും!

Digitized By Kerala Sahitya Akademi

മൃദുവായിത്തൊട്ടാലും പാട്ടു ചോരും
ഹൃദയമെന്നൊന്നു വഹിച്ചു നമ്മൾ!

വെയിലിലിലാവല്ലി വരണ്ടു വാടാം
മഴയിൽ തഴച്ചു തളിരു ചൂടാം!
അനില ഗതികൾക്കനുസൃതമാ—
യതു പലമട്ടിലും ചാഞ്ഞുപോകാം!
നിയമവും നീതിയും ചെന്നതിന്റെ
നില കാത്തുനിൽപതു നിഷ്ഫലം താൻ!!

ഇരുളിലടിഞ്ഞു കിടക്കുകയി—
ല്ലൊരുവൻ, തൻജീവിത കാലമെല്ലാം.
അറിയാതൊരിക്കൽ വിളിച്ചുണർത്താ—
മവനെ യുൽക്കർഷത്തിൻ സുപ്രഭാതം!
അതിലവൻ കണ്ണു തുറന്നു, പക്ഷേ—
യമലാംബരത്തോളം ചെന്നു പററാം.
എരിയുന്ന യത്നത്തിൽ നിന്നുയരു—
ന്നൊരുകൊടുങ്കാററിൻ ചിറകിലേറി!

അയിസഖി, ഞാനപരാധിയെങ്കി—
ലലിവിനോടെന്നെ മറക്കണം നീ!

പരമ സൌഭാഗ്യം പറന്നണയു—
മൊരുദിനം നിൻ പടിവാതിലിലും!
അതിനെത്തലോടുന്ന നാളി,ലെന്നെ—
യറിയാത്ത ഭാവം നടിക്കരുതേ!

Digitized By Kerala Sahitya Akademi

കരുതിയിട്ടില്ല കിനാവിലും നിൻ
കരളിൽ പരുക്കകളേററുവാൻ ഞാൻ!
—മമ ഭാഗ്യരശ്മിയെ പ്പിൻതുടർന്നു
മതിമോഹനേ, ഞാൻ പിരിഞ്ഞിടട്ടേ!!

## 18. കണ്ണുനീർ.

കരയാനൊരുതുള്ളി-
കണ്ണുനീരിനിയില്ല
കരളോ, വികാരത്താൽ
പിന്നെയും നോവുന്നല്ലോ!

നിശ്ശബ്ദമായുള്ളൊരി-
പ്രാണയാതനയോളം
ദുസ്സഹമായിട്ടില്ല
മന്നിൽ മറെറാന്നുംതന്നെ!

കണ്ണിൻെറ കണ്ണീരത്ര
സാരമില്ലോർത്താ,ലതു
മണ്ണിൽ വീണലിഞ്ഞുപോം,
മാഞ്ഞുപോം നിമിഷത്തിൽ.

കരളിൻ കണ്ണീ, രെന്നാൽ,
കാണില്ല ലോകം—പക്ഷേ
കരളും നിഗൂഢമായ്
ജീവനെയതു നിത്യം.

Digitized By Kerala Sahitya Akademi

എല്ലാരും ചോദിക്കാറു_
“ണ്ടെന്തിനിക്കേണീടുന്ന_
തല്ലല്ല മാനന്ദവും
മിശ്രവർത്തികളല്ലേ?”

ശരിയാ, ണതെ, ഞാനും
സമ്മതിക്കുന്നു;—പക്ഷേ
കരയാൻ കഴിവുള്ള
ഹൃദയം ഞാനാശിപ്പൂ!

കേവല ഭൌതികത്വം
സുസ്മിതങ്ങളിൽ മൂടി_
ജ്ജീവിനെക്കണ്ണീരിൽ ഞാ_
നഭിഷേചനം ചെയ്യുൻ!!.

Digitized By Kerala Sahitya Akademi

# 19. ആനന്ദരംഗം.

മാനസം മാമക മാകമാനം
ആനന്ദ ചിന്ത തൻ വേണുഗാനം.

ശോക മൊഴിഞ്ഞു കഴിഞ്ഞു—ചിത്തം
രാഗോദയത്തിൽ തുടങ്ങി നൃത്തം.

കാർമുകിൽ നീങ്ങിത്തെളിഞ്ഞുസൂരൻ
പൂമണം വീശി മരുൽ കിശോരൻ.

പച്ചനെല്ലോലകൾ കാററത്തെട്ടി–
ക്കൊച്ചല ച്ചാർത്തുകൾ കൂട്ടിമുട്ടി.

ദൂരത്തു, ദൂരത്തു, വൻമരങ്ങൾ
വാരിച്ചൊരിയുന്നു മർമ്മരങ്ങൾ.

മാകന്നവാടിയിൽ കോകിലങ്ങൾ
തൂകുന്നു ഗാനങ്ങൾ കോമളങ്ങൾ.

പച്ചപ്പുല്ലാളും തടം തഴുകി–
ക്കൊച്ചു പൂഞ്ചോല തളർന്നൊഴുകി.

മന്ദം, സഖികളോടൊത്തുകൂടി
മൺകുടമേന്തിക്കൊ, ണ്ടാടിയാടി

ഹാ, മുഗ്ദ്ധമന്ദാക്ഷ ലോലരായി–
ഗ്രാമീണബാലകൾ വന്നുപോയി.

പൂഞ്ചിറകാർന്ന പുളകം പോലെ
പൂമ്പാററ പാറിപ്പറന്നു ചാലെ.

Digitized By Kerala Sahitya Akademi

ഏങ്ങു മൊരാനന്ദപ്പൊൻ തരംഗം
പൊങ്ങിത്തുടങ്ങുന്നിതെന്തു രംഗം!!
—ഞാനുമെൻ കണ്ണീർ തുടച്ചീടട്ടേ
ഞാനുമെൻ ഗാനം ചൊരിഞ്ഞീടട്ടേ!

ആതങ്കം കൈവെടിഞ്ഞാത്ത വേഗം
ആനന്ദം പൂകട്ടേ സാനുരാഗം!
ഓമലാളേ, നീ യൊന്നിങ്ങുനോക്കൂ
ഓടക്കുഴലതിങ്ങേകിയേക്കൂ!—

ആനന്ദരംഗ മിതിങ്കൽ വേണം
ഞാനുതിർക്കുന്നതെൻ പ്രേമഗാനം!!...

Digitized By Kerala Sahitya Akademi

# 20. ആശ്വാസഗാനം.

പോയെങ്കിൽ പോകട്ടേ പൊയ്പ്പോയ നാളുകൾ
പോരും കരഞ്ഞതെൻ ചിത്തമേ, നീ!

ഭാവി ഭയങ്കര മാണെങ്കി, ലാവട്ടെ
ഭാവിച്ചിടായ്കതിൽ ഭീരുത നീ!

സരസം കോരിക്കുടിച്ചു മദിക്കുകീ
വർത്തമാനത്തിൻ മധുര മദ്യം!

എത്രശപിച്ചാലു, മെത്ര കരഞ്ഞാലും
എത്ര പരിഭവം കാട്ടിയാലും,

എന്തിനു, നീയിനിയെന്തൊക്കെച്ചെയ്താലും
പിന്തിരിഞ്ഞെത്തില്ല പ്പോയകാലം!

ഇത്ര നടുങ്ങുവാനെന്തുണ്ടു?—'നാളെ',യ-
തെത്തു'മിന്നാ'യ്ത്തന്നെ നിൻെറമുൻപിൽ!

ഇന്നാണു നിൻജയ,മിന്നാണു നിൻസുഖ-
മിന്നിനെത്തന്നെ നീ യാശ്രയിക്കൂ!

എല്ലാ മുറങ്ങും മറവിതൻ തൊട്ടിലി-
ലെല്ലാ മൊരിക്കലധഃപതിക്കും.

ഒന്നുമില്ലോർക്കുകിൽ ശാശ്വതം—സർവ്വവു-
മൊന്നുപോൽ മായികം സ്വപ്നമാത്രം!

കേവലമജ്ഞാത ശക്തിയൊന്നാളുമി-
ജ്ജീവിതം തന്നെ യൊരിന്ദ്രജാലം.

Digitized By Kerala Sahitya Akademi

കണ്ണുനീരായാലും, പുഞ്ചിരിയായാലും
മണ്ണടിഞ്ഞീടണം രണ്ടുമൊപ്പം.
പിന്നെ,യവയിലൊരൽപം സുഖദമാം
മന്ദസ്മിതോത്സവ മല്ലി കാമ്യം?
ദീനവിലാപത്തെക്കാളും പ്രിയതരം
ഗാനതരംഗ വിലാസമല്ലി?
മന്ദഹസിക്കുക, പാടുക, നാമെന്നും
മണ്ണടിഞ്ഞാലും, കൃതാർത്ഥർ നമ്മൾ!!...

Digitized By Kerala Sahitya Akademi

# കുറിപ്പുകൾ.

## 1. മുരളി.

നൂററാണ്ടുകളുടെ പിന്നിൽനിന്നും മദാലസയായ ഒരപ്സരസ്സ് കവിയുടെ സങ്കല്പസാമ്രാജ്യത്തിൽ ആടിക്കുഴഞ്ഞു വന്നുചേരുന്നു. വൃന്ദാവനത്തിലെ ഏക മഹാരാജ്ഞിയായിരുന്നു അവൾ— മുരളി! ശ്രീകൃഷ്ണൻെറ പരിപാവനമായ വേണുഗാനം ഉടലെടുത്തെത്തിയ ഒരു വിശ്വമോഹിനി. അവൾ ഭാരതത്തിൽ ആനന്ദനൃത്തം ചെയ്തത് ഇന്നോ ഇന്നലെയോ അല്ല; ശതാബ്ദങ്ങൾക്കപ്പുറത്താണ്. പക്ഷെ വിശ്വഹൃദയത്തിൽ പതിഞ്ഞിട്ടുള്ള അവളുടെ പാദമുദ്രകൾ ഇന്നും ലേശമെങ്കിലും മാഞ്ഞിട്ടില്ല.

മുരളീദർശനമാത്രയിൽ, അവളുടെ ഏകാന്ത വിഹാരത്തിന്നു വിധേയങ്ങളായി നിന്ന യമുനാഘടങ്ങളും അവയിൽ സമുല്ലസിച്ച ഉദ്യാനലതാനികുഞ്ജാദികളും കവിഹൃദയത്തിൽ ഒളിഞ്ഞു കിടക്കുന്ന മധുരസ്മൃതികളിൽ പലതിനേയും തട്ടിയുണർത്തുന്നു. രാധാകൃഷ്ണന്മാരുടെ പ്രണയസല്ലാപങ്ങളേയും, അതിനെല്ലാം സാക്ഷ്യം വഹിച്ച വൃന്ദാവന വല്ലികളേയും, ചന്ദ്രികാസുന്ദരമായ ആ ഹേമന്ത രാത്രിയേയും കവി സ്വപ്നം കാണുന്നു. ഒരിക്കലും മാഞ്ഞുപോകാത്ത ആ മധുരചിത്രങ്ങൾ ഭാരതസംസ്കാരത്തിൻെറ ഒന്നാമത്തെ നേട്ടമാണെന്നുള്ളതിൽ സംശയമില്ല.

Digitized By Kerala Sahitya Akademi

## 2. പ്രതീക്ഷയുടെ മുൻപിൽ.

പ്രതീക്ഷ!— ഉൽക്കണ്ഠാകുലമായി ഉഴറിക്കൊണ്ടിരിക്കുന്ന ഹൃദയത്തെ എപ്പോഴും സാന്ത്വനിപ്പിക്കുന്ന ഒരു ശക്തിയാണതു്. അതിന്നു ക്ലേശങ്ങളെ മായ്ച്ചുകളയുവാനും, ആശകൾക്കു നിറം കൊടുക്കുവാനും ഉള്ള കെൽപുണ്ടു്. പ്രതീക്ഷയുടെ മുൻപിൽ യാതൊരു നിഴൽപാടിന്നും പ്രവേശമില്ല.

കവിഹൃദയം സദാ കാംക്ഷിക്കുന്നതു് അങ്ങിനെയുള്ള പ്രതീക്ഷയുടെ സംയോഗം മാത്രമാണു്. അതുമായുള്ള സാഹചര്യം, എന്നും മധുരമായ ഒരു ശുഭാപ്തിവിശ്വാസത്തിന്നു നിദാനമായിരിക്കും.

## 3. നിർവൃതി.

പ്രപഞ്ചം, ഒരു നാടകശാല. വിഭിന്നവേഷത്തിലുള്ള വിവിധ നടന്മാരുടെ നടനരംഗം. അതിൽ പ്രദർശിപ്പിക്കപ്പെടുന്ന പ്രകടനങ്ങളുടെ കോലാഹലത്തിൽ കവിയുടെ നിശ്ശബ്ദമായ ആത്മാലാഭം ദൈവസന്നിധിയിൽ എത്തിച്ചേരുമോ എന്തോ. സന്ദേഹാസ്പദമായ ആ സ്ഥിതിയിലും കവി നിരാശനാകുന്നില്ല. തികഞ്ഞ കൃതാൎത്ഥത അദ്ദേഹത്തിന്റെ സങ്കല്പങ്ങളെ അപ്പോഴും നിറം പിടിപ്പിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ഗാനങ്ങൾ എല്ലാംതന്നെ ഈശ്വരമാഹാത്മ്യത്തെ കീൎത്തിക്കുന്നവയാണെന്നുള്ള ബോധം ഒന്നുമാത്രം മതി അദ്ദേഹത്തിന്നു പരിപൂർണ്ണമായ ചാരിതാർത്ഥ്യമാകാൻ. പ്രപഞ്ചത്തിലാകമാനം അദ്ദേഹം ആ പരമാത്മചൈതന്യം നിഴലിച്ചു കാണുന്നു; മാത്രമല്ല അതുമായി അദ്ദേഹത്തിന്റെ ഹൃദയം താദാത്മ്യം പ്രാപിച്ച് നിർവൃതിയടയുന്നു.

Digitized By Kerala Sahitya Akademi

## 4. പാവങ്ങളുടെ പാട്ട്.

ധനപ്രമത്തതയുടെ കട്ടംകൈകൾ നിർദ്ധനത്വത്തിന്റെ ജീവരക്തംപോലും നശിപ്പിച്ചു കളഞ്ഞു. മുതലാളിത്വത്തിന്റെ കാൽച്ചുവട്ടിൽ ചിരകാലമായി ശിരസ്സു ചായ്ച്ചുനിന്ന തൊഴിലാളി ഇന്നവന്റെ നില അല്പാല്പം മനസ്സിലാക്കിത്തുടങ്ങി. വിപ്ലവത്തിന്റെ കാഹളം അല്പാല്പമായി മുഴങ്ങിത്തുടങ്ങി. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം — ഈ മുദ്രാവാക്യം മുരടിച്ച മുതലാളിത്വത്തിന്റെ അധഃപതനത്തെയും, ഭാസുരമായ ഒരു നവയുഗത്തിന്റെ ഉദയത്തേയും സൂചിപ്പിക്കുന്നു.

## 5. മനോരാജ്യത്തിൽ മുഴുകി.

സായാഹ്നം- കലാശാലയിൽ പ്രവൃത്തിയുടെ സ്പന്ദനങ്ങൾ നിലച്ചു കഴിഞ്ഞു; കവാടങ്ങൾ എല്ലാം അടയ്ക്കപ്പെട്ടു; അദ്ധ്യാപകാദ്ധ്യേതാക്കൾ എല്ലാവരും പല വഴിയായി പിരിഞ്ഞുപോയി;—പരിസരങ്ങളിലാകമാനം നിർജ്ജീവമായ ഏകാന്തത. എന്നാൽ ആ തണുത്ത ഏകാന്തതയിൽ, ആരെയോ കാത്തു,എന്തോ മനോരാജ്യത്തിൽ മുഴുകി ഒരു യുവതിമാത്രം, എന്തിനാവോ, തങ്ങിനില്ക്കുന്നുണ്ട്. ആ കാഴ്ച കവിഹൃദയത്തിൽ ചില നേരിയ ചലനങ്ങൾ ഉണ്ടാക്കുന്നു.

## 6. ദിവ്യോപഹാരം.

ജീവിതപുഷ്പം! — ഈശ്വരൻ മനുഷ്യനു കൊടുക്കുന്ന സമ്മോഹനമായ, പരമപവിത്രമായ, ഒരു സമ്മാനമാണത്. അതിന്റെ നിറം പിടിച്ച ദളങ്ങൾ — ചഞ്ചലങ്ങ

Digitized By Kerala Sahitya Akademi

ളായ ഭൗതികാനുഭൂതികൾ— ഒരോന്നായി കൊഴിഞ്ഞു തുടങ്ങുമ്പോൾ മനുഷ്യൻ അതിനെ വെറുക്കുന്നു. അതൊരു വലിയ പ്രമാദമാണ്. ക്ലേശത്തിന്റെ മുള്ളുകൾക്ക്, സുഖത്തിന്റെ ദളങ്ങളേക്കാൾ, മനുഷ്യന് ആശ്വാസവും സമാധാനവും നൽകുവാൻ കഴിയും. ക്ലേശജന്യമായ ആനന്ദം ക്ഷണികമല്ല. ലൌകികങ്ങളായ വിവിധാനുഭൂതികൾ പറന്നകലുന്നു; ഒന്നുമാത്രം എന്നെന്നും നിലനില്ക്കുന്നു—സ്വർഗ്ഗീയമായ പ്രകാശം നിത്യമായിസ്സമുല്ലസിക്കുന്നു; പ്രാപഞ്ചികങ്ങളായ നിഴൽപാടുകൾ മാഞ്ഞു മറയുന്നു;— അവയെ അല്ല, നിത്യമായ ആ സത്യത്തെയാണ് കവി വിശ്വസിക്കുന്നതു്.

## 7. രക്തദാഹം.

കവി, നൈരാശ്യത്തിന്റെ മൂർദ്ധന്യദശയിൽ, ലോകത്തെ എന്തെന്നില്ലാതെ വെറുക്കുന്നു. എന്നാൽ അതു കാരണമില്ലാതല്ല. ലോകത്തിന്റെ സഹതാപം ഇരന്നിട്ടും ലഭിക്കാതെ അദ്ദേഹം വളരെ വിഷമിച്ചിട്ടുണ്ടു്; എന്നാൽ ലോകമാകട്ടെ അദ്ദേഹത്തിന്റെ ജീവരക്തത്തെ ഊററിക്കുടിക്കുവാനാണ് മുതിന്നതു്; അവസാനം വെറും അസ്ഥിപഞ്ജരംമാത്രം അവശേഷിക്കപ്പെട്ടപ്പോൾ ലോകം നിരർത്ഥകമായ ഒരു കപടനാട്യത്തിന്ന്— സഹതാപപ്രദർശനത്തിന്നു— ഒരുമ്പെടുന്നു. ഇല്ല, ഇതു മറക്കുക സാദ്ധ്യമല്ല. ആ അസ്ഥികൂടത്തിൽനിന്ന് ഓരോ എല്ലായി ഒടിച്ചൊടിച്ചെടുത്തു് തന്റെ ജീവിതത്തോണി തുഴഞ്ഞു താൻ പോയ്ക്കൊള്ളാമെന്നാണ് കവിയുടെ നിശ്ചയം; എന്നാലും ലോകത്തിന്റെ അനുകമ്പ അദ്ദേഹം ഇനി ഇരക്കുകയില്ല.

Digitized By Kerala Sahitya Akademi

## 8. തൊഴിലാളി.

തൊഴിലാളി_അവൻെറ പ്രയത്നങ്ങൾ ലോകത്തെ ഉൽക്കർഷപൂർണ്ണമാക്കിത്തീക്കുന്നു. അവൻ ഉണർവിൻെറ ഒരു സജീവചിഹ്നമാണ്. അലസത അവനെ തീണ്ടിയിട്ടുപോലുമില്ല. മുതലാളിവർഗ്ഗത്തിൻെറ ക്രൂരമായ മർദ്ദനം അവനെ അത്യന്തം ദണ്ഡിപ്പിക്കുന്നുണ്ട്. പക്ഷെ ഇന്നോളം അവൻ ശാന്തതയോടെ അതെല്ലാം സഹിച്ചു, മുതലാളിവർഗ്ഗത്തിൻെറ ധനഭണ്ഡാഗാരങ്ങൾ തടിപ്പിക്കുവാൻ മാത്രമായി തൻെറ ജീവരക്തം തർപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. ഇന്നവൻ അവൻേറയും ലോകത്തിൻേറയും യഥാർത്ഥനില ശരിയായി മനസ്സിലാക്കുന്നുണ്ടു്. അവൻ ഒരു മഹാവിപ്ലവത്തിന് ബദ്ധകങ്കണനായിത്തിരിഞ്ഞിരിക്കയാണ്. ഈ പരിവത്തനം അവൻെറമുൻപിൽ ഉൽക്കർഷപുഷ്പങ്ങൾ വിരിച്ചേക്കാം!

## 9. മൂടുപടം മാററൂ!

പരമാത്മചൈതന്യം! അതിൻെറ അങ്കുരങ്ങൾ പ്രകൃതിയുടെ ഓരോ കോണിലും പ്രതിഫലിച്ചുകാണുന്നു. പക്ഷെ അജ്ഞനായ മനുഷ്യനാകട്ടെ അവനെ ചുഴലുന്ന അന്ധകാരത്തിൽ, അതു വെറും മിത്ഥ്യയാണെന്നാണ് കരുതുന്നതു്. അവൻ ആ മായാവലയത്തിൽ നിന്നും മുക്തനാകേണ്ടിയിരിക്കുന്നു. എങ്കിൽമാത്രമേ അവനു ആ സച്ചിദാനന്ദാത്മകമായ ശക്തിവിശേഷവുമായി താദാത്മ്യം പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ.

## 10. സൌഹാർദ്ദഗാനം.

അഖിലകേരള ബാലജനസംഖ്യം എന്ന പേരിൽ ചങ്ങനാശ്ശേരിയിൽ അടുത്തകാലംവരെ നിലനിന്നിരുന്ന

Digitized By Kerala Sahitya Akademi

സ്ഥാപനത്തിനായി എഴുതികൊടുത്തിട്ടുള്ള ഒരു പദ്യമാണിതു. 'തിരുവോണം' അതിൽപെട്ട അംഗങ്ങളുടെ സൌഹാർദ്ദദിനമാണ്. അവർ അതിനെ ആഘോഷപൂർവ്വം കൊണ്ടാടാറുണ്ട്. അന്നു ബാലന്മാർക്കു പാടുവാനായി, ആ സ്ഥാപനത്തിൻെറ പ്രവർത്തകന്മാരുടെ അപേക്ഷയനുസരിച്ചു നിർമ്മിച്ച ഒരു ലളിതഗാനമാണിതു.

## 11. ഒടുവിൽ.

ഒരു യുവാവും യുവതിയും അന്യോന്യം ആത്മാർത്ഥമായി സ്നേഹിച്ചും പൂജിച്ചും കഴിഞ്ഞിരുന്നു. അവരുടെ നിസ്വാർത്ഥമായ പ്രേമം ഏറെനാളങ്ങനെ നീണ്ടുനിന്നു എങ്കിലും, അവസാനം അവിചാരിതമായി അവർക്കന്യോന്യം വേർപിരിയേണ്ടതായിട്ടാണു വന്നുകൂടിയതു്. ഈ വിധിവൈപരീത്യം ആ യുവാവിൻെറ ഹൃദയത്തിൽ സഞ്ജനിപ്പിച്ച വിക്ഷോഭത്തിൻെറ ഒരു നേരിയ കല്ലോലത്തെ മാത്രം ഈ ലഘുപദ്യത്തിൽ പ്രതിഫലിപ്പിച്ചിരിക്കുന്നു.

## 12. സൌന്ദര്യപൂജ.

കവിയുടെ ഭരദേവതയാണ്, സൌന്ദര്യം. ആ ദേവിയുടെ ലഘുവായ പാദന്യാസം പോലും കവിയുടെ അന്തരാത്മാവിന് ഏററവും പരിചിതമായിട്ടുള്ള ഒന്നാണ്. പ്രകൃതിയിൽ എങ്ങോട്ടു തിരിഞ്ഞാലും ആ ദേവിയുടെ ഒരു പാദമുദ്ര കവിയുടെ ദൃഷ്ടിയിൽ എത്തിപ്പെടാതിരിക്കുന്നില്ല. ആ ദർശനം അദ്ദേഹത്തിൻെറ ഹൃദയത്തിൽ അനേകം സങ്കല്പങ്ങളെ തട്ടിയുണർത്തുവാൻ പര്യാപ്തമാണ്.

## 13. ദേവി.

പ്രേമബദ്ധനായ ഒരു യുവാവിൻെറ നിറംപിടിച്ച ചിന്തകളെ ഈ പദ്യത്തിൽ പകർത്തിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

## 14. എന്തിന്?

അവർ രണ്ടുപേരും ഒരിക്കൽ യാദൃച്ഛികമായി കണ്ടുമുട്ടി. നിസ്സാരമായ ആ സംഭവം അവരെ അന്യോന്യം അത്രമാത്രം ഗാഢമായി ബന്ധിച്ചു. അവളുമായുള്ള സാഹചര്യം അവന്റെ ജീവിതത്തെ സ്വപ്നസമൃദ്ധമാക്കിത്തീർത്തു. അവൻ അനവദ്യമായ ഒരാനന്ദലഹരിയിൽ മുഴുകി_പക്ഷെ, അവന്റെ ആശകൾ, പ്രതീക്ഷകൾ_എല്ലാം ഒന്നോടെ പൊട്ടിത്തകരുവാനാണ് ക്രൂരമായ വിധി ഇടവരുത്തിയതു്. പക്ഷെ അവന്റെ അചഞ്ചലമായ ആസ്തിക്യബുദ്ധി അവനെ അല്പമെങ്കിലും നിരാശനാക്കുന്നില്ലാ; വരുന്നതെല്ലാം നന്മക്കുവേണ്ടിയാണെന്നുള്ള വിശ്വാസത്തിൽ അവൻ സ്വയം സമാധാനമടയുന്നു.

## 15. സഖികളോട്.

പരമപവിത്രമായ സൌഹാർദ്ദം_ലോകം അതിനെ മററുതരത്തിൽവ്യാഖ്യാനിക്കുന്നു. പക്ഷെ അതിന്റെ മഹിമയ്ക്ക് അതുകൊണ്ടുടവു തട്ടുന്നില്ല. ആ സൌഹാർദ്ദവലയം അതിനുള്ളിൽപെട്ട വ്യക്തികൾക്കു ശാന്തിയും, സംതൃപ്തിയും, ആനന്ദവും ദാനംചെയ്യുന്നു.

## 16. ആ രംഗം.

മുഗ്ദ്ധയായ നായിക പ്രിയ സഖിയോടു തന്റെ സ്മൃതിമണ്ഡലത്തിൽ മായാതെ നിൽക്കുന്ന ഒരു മധുര രംഗത്തെക്കുറിച്ചു വർണ്ണിച്ചു പറയുന്നു. ആ സ്മൃതിചിത്രം മനോഹരമാണെങ്കിലും, വിഷാദാത്മകമായ ഒരന്തരീക്ഷമാണ് അവളുടെ ചേതനയ്ക്കു അതു സംഭാവനചെയ്യുന്നതു.

## 17. വിട വാങ്ങൽ.

ചലനം! അതിനു വിധേയമാകാതെ ഈ ലോകത്തിൽ യാതൊന്നുമില്ല. പക്ഷെ ചില വ്യതിയാനങ്ങൾ

Digitized By Kerala Sahitya Akademi

അത്യന്തം ദയനീയങ്ങളാണ്. അവ ഹൃദയത്തെ എന്തെന്നില്ലാതെ വേദനിപ്പിക്കുന്നു. എന്നാൽ മററുചില പരിവത്തനങ്ങൾ ശാന്തിയും സന്തുഷ്ടിയുമാണ് സംഭാവനചെയ്യുക. ആ രണ്ടിനത്തിലും പെട്ട ഓരോ പരിവത്തനരംഗം കവിയെ അങ്ങോട്ടുമിങ്ങോട്ടും ശക്തിയായിപ്പിടിച്ചുവലിക്കുകയാണ്. എന്നാൽ സങ്കല്പജീവിയാണെങ്കിലും പ്രായോഗികജീവിതത്തിൽ പ്രാപ്തിയില്ലാത്തവനല്ലാത്ത അദ്ദേഹം രണ്ടാമത്തെ പരിവത്തനത്തിന്റെ പുറകേയാണ് തിരിയുന്നതു. അതദ്ദേഹത്തെ ഉൽക്കഷത്തിലേയ്ക്കു നയിക്കുമെന്നു അദ്ദേഹത്തിനു ബോധമുണ്ട്.

## 18. കണ്ണുനീർ.

തീക്ഷ്ണമായ ഹൃദയവ്യഥയിൽനിന്നും കവിലോകത്തെ ഉൽബോധിപ്പിക്കുന്ന ഒരു പരമാത്ഥതത്വം. അഴലും ആനന്ദവും ഇടകലന്ന ജീവിതത്തിൽ, അഴലിന്റെ മഹിമാതിശയത്തെ അദ്ദേഹം കീത്തിക്കുന്നു.

## 19. ആനന്ദരംഗം.

ഹൃദയാകഷകമായ പ്രകൃതിവിലാസത്താൽ ഉത്തേജിതമായിച്ചമഞ്ഞ ഒരു മോഹനരംഗം. അതു കവിയുടെ ഹൃദയത്തിലുള്ള ശോകംപുരണ്ട ചിന്തകളെ നിമ്മാർജ്ജനം ചെയ്തു അവയുടെ സ്ഥാനത്തു ആനന്ദസാന്ദ്രങ്ങളായ വിചാരവീചികളെ അങ്കുരിപ്പിക്കുന്നു.

## 20. ആശ്വാസഗാനം.

ഭൂതകാലത്തെ നോക്കി നെടുവീർപ്പിടാനും ഭാവിയെ ചിന്തിച്ചു ഭീതിപ്പെടാനും ഒരുമ്പെടാതെ വത്തമാനത്തിൽ ജീവിച്ച് അതിന്റെ കൈവശമുള്ള സമസ്താനുഭൂതികളും സ്വായത്തമാക്കുവാൻ കവി ഉപദേശിക്കുന്നു.

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴക്കൃതികൾ.

---

| | |
|---|---|
| രമണൻ | ക. ണ. പ. |
| [പരിഷ്കരിച്ച രണ്ടാം പതിപ്പ്] | 1—0—0 |
| ഉദ്യാനലക്ഷ്മി | 0—12—0 |
| സുധാംഗദ | 0—10—0 |
| ആരാധകൻ | 0—4—0 |
| മയൂഖമാല | 0—8—0 |
| മണിവീണ (selections from Bashpanjali) | 0—8—0 |
| കഥാരത്നമാലിക | 0—12—0 |
| കലാകേളി | 0—8—0 |

മാനേജർ,
ശ്രീരാമവിലാസം ബുക്കഡിപ്പോ
തിരുവനന്തപുരം.
(കൊല്ലം, ആലപ്പുഴ.)

---

| | |
|---|---|
| കമലം By ഡോക്ടർ വി. ഐ. മന്നാടിയാർ | 1—8—0 |
| ചിത്രശാല | 0—5—0 |
| ഉദയരാഗം | 0—10—0 |
| മരതകവീരൻ അഥവാ പ്രണയത്രാണം | 0—10—0 |
| സതീരത്നം | 0—12—0 |
| ഭാനുജൻ | 0—12—0 |
| ദീപാരാധന | 0—6—0 |
| ശ്രീരാമചരിതം മുഴുവൻ സർഗ്ഗങ്ങളുംകൂടി (പദ്യം) | [illegible]—0 |
| ,, 6 സർഗ്ഗം ഓരോന്നിനു | 0——8 |
| പാതിരപ്പൂവ് | 0—8—0 |
| വരഭിക്ഷ അഥവാ സീതാദേവി | 0—4—0 |

പി. കെ. ബ്രദേർസ്,
പുസ്തകക്കച്ചവടം, കോഴിക്കോട്

Digitized By Kerala Sahitya Akademi